**സ്ത്രീപീഡന-പെൺവാണിഭ കേസുകൾ**

106 [61] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:*
*ശ്രീ. രാജു എബ്രഹാം:*
*,, മത്തായി ചാക്കോ:*

*ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീപീഡന കേസുകളും പെൺവാണിഭ കേസുകളും വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനു പരിഹാരം കാണുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സ്ത്രീപീഡന കേസുകളും പെൺവാണിഭ കേസുകളും കൈകാര്യം ചെയ്യുന്നതിന് പോലീസ് വകുപ്പിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തു നടന്ന ഏതെല്ലാം പെൺവാണിഭ സ്ത്രീപീഡന കേസുകളെക്കുറിച്ചാണ് അന്വേഷണം നടത്തുന്നതെന്ന് വെളിപ്പെടുത്താമോ;

(ഇ) കൊട്ടിയം പെൺവാണിഭ കേസിനെക്കുറിച്ച് അന്വേഷണം നടത്തുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്തു നടന്ന ഏതെല്ലാം സ്ത്രീപീഡന-പെൺവാണിഭ കേസുകളാണ് സി. ബി. ഐ.-യ്ക്ക് കൈമാറിയിട്ടുള്ളതെന്ന് പറയാമോ?

*ഉത്തരം*

(എ) — (എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**സാമൂഹ്യവിരുദ്ധരെ അമർച്ച ചെയ്യാൻ നടപടി**

107 [62] *ശ്രീ. കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ സാമൂഹ്യവിരുദ്ധരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) സാമൂഹ്യവിരുദ്ധരെ അമർച്ച ചെയ്യുന്നതിന് പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

GPM. 2/564/2012—19

LIBRARY ARCHIVES Kerala Legislative Assembly

*ഉത്തരം*

(എ) ഉണ്ട്. ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം (സിറ്റി) | .. | 804 |
| തിരുവനന്തപുരം (റൂറൽ) | .. | 855 |
| കൊല്ലം | .. | 923 |
| പത്തനംതിട്ട | .. | 296 |
| ആലപ്പുഴ | .. | 588 |
| കോട്ടയം | .. | 506 |
| ഇടുക്കി | .. | 113 |
| കൊച്ചി സിറ്റി | .. | 393 |
| എറണാകുളം റൂറൽ | .. | 444 |
| തൃശ്ശൂർ | .. | 790 |
| പാലക്കാട് | .. | 744 |
| മലപ്പുറം | .. | 48 |
| കോഴിക്കോട് (സിറ്റി) | .. | 213 |
| കോഴിക്കോട് (റൂറൽ) | .. | 159 |
| വയനാട് | .. | 201 |
| കണ്ണൂർ | .. | 674 |
| കാസർഗോഡ് | .. | 332 |

(ബി) സാമൂഹ്യവിരുദ്ധരെ അമർച്ച ചെയ്യുവാൻ രാത്രിയും പകലും പ്രത്യേക പട്രോളിംഗ് നടത്തിയും റസിഡൻഷ്യൽ അസോസിയേഷനുകളുമായി സഹകരിച്ചു കിട്ടുന്ന രഹസ്യ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇത്തരക്കാരെ നിരന്തരം നിരീക്ഷണം നടത്തി അവരിൽ ശിക്ഷാർഹരായവർക്കെതിരെ 107, 110, സി ആർ. പി. സി. പ്രകാരം നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

## മാധ്യമപ്രവർത്തകർക്കെതിരെയുള്ള ആക്രമണങ്ങൾ തടയുവാൻ നടപടി

108 [63] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 നവംബർ ഒന്നിന് കരിപ്പൂർ വിമാനത്താവളത്തിലും രണ്ടാം തീയതി കൊച്ചിയിലും, തിരുവനന്തപുരത്തും ജനാധിപത്യ മഹിളാ അസോസിയേഷൻ പ്രവർത്തകർക്കും മാധ്യമപ്രവർത്തകർക്കുമെതിരെ മുസ്ലീംലീഗ് പ്രവർത്തകരും പോലീസും നടത്തിയ അക്രമസംഭവത്തോടനുബന്ധിച്ച് ആരെയെല്ലാം പ്രതി ചേർത്ത് എത്ര കേസുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly